I. ഇ.ബി. XV-കേരള നിയമസഭ/XIV-6

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 സെപ്റ്റംബർ 29, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I **അനുശോചനം**

തമിഴ്നാട്ടിലെ കരൂരിലുണ്ടായ ദുരന്തം

മി. സ്പീക്കർ: തമിഴ്നാട്ടിലെ കരൂരിൽ തമിഴക വെട്രി കഴകം സംഘടിപ്പിച്ച റാലിക്കിടെയുണ്ടായ തിക്കിലും തിരക്കിലുംപെട്ട് 41 പേർ മരണമടയുകയും നൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ കേരള നിയമസഭ അനുശോചനം രേഖപ്പെടുത്തുന്നു.

II **നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: സംസ്ഥാനത്ത് ധനപ്രതിസന്ധിമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയത് പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ക്ഷേമപ്രവർത്തനങ്ങളുടെ താളംതെറ്റുകയും ചെയ്തതുമൂലം സംസ്ഥാനത്തെ ജനങ്ങളിൽ ആശങ്ക ഉളവായതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ സർവശ്രീ കെ.പി.എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്,

മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ സംബന്ധിച്ച ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## III ശ്രദ്ധക്ഷണിക്കൽ

### (1) കപ്പൽ അപകടങ്ങളെത്തുടർന്ന് മത്സ്യത്തൊഴിലാളി മേഖലയിലുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആന്റണി രാജു: അറബിക്കടലിൽ കേരള തീരത്തോട് ചേർന്ന് നടന്ന കപ്പൽ അപകടങ്ങളെത്തുടർന്ന് പരിസ്ഥിതിക്കും ആരോഗ്യത്തിനും ദോഷകരമായ വസ്തുക്കൾ കടലിലും തീരത്തും വ്യാപിക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഇതുമായി ബന്ധപ്പെട്ട കേസ് നടത്തുന്നതിന് വിദഗ്ധരുടെ സേവനം ഉറപ്പാക്കാനും നടപടി സ്വീകരിക്കണം. കേരള സമുദ്രാതിർത്തിയിൽ കപ്പൽചാലിന്റെ അകലം 50 നോട്ടിക്കൽ മൈലായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം. കപ്പൽ കമ്പനികൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും അഡ്മിറാൽറ്റി സ്യൂട്ടിലൂടെ പരമാവധി നഷ്ടപരിഹാരം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കേരള തീരത്തോട് ചേർന്ന് നടന്ന കപ്പൽ അപകടങ്ങൾമൂലം സംഭവിച്ച പാരിസ്ഥിതിക നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും പഠനം നടത്തുന്നതിനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയെ ചുമതലപ്പെടുത്തുകയും മത്സ്യബന്ധനം നിരോധിച്ച എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുകയും ആറ് കിലോഗ്രാം അരി വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കടലിലെ മത്സ്യം ഭക്ഷ്യയോഗ്യമാണെന്നും ജലത്തിന്റെ പി.എച്ച്. ലവണാംശം, ചാലകത എന്നിവ സാധാരണ സമുദ്രജലത്തിന്റെ അവസ്ഥയിലാണെന്നും പഠന റിപ്പോർട്ടുകൾ വ്യക്തമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് പെല്ലറ്റുകൾ നീക്കംചെയ്യുന്നതിനുള്ള എസ്.ഒ.പി. പ്രസിദ്ധീകരിക്കുകയും തീരം വൃത്തിയാക്കാൻ സന്നദ്ധ പ്രവർത്തകരെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. കപ്പൽ കമ്പനികൾക്കെതിരെ ഭാരതീയ ന്യായസംഹിതയിലെ വകുപ്പുകൾ ചുമത്തി ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതോടൊപ്പം നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ അഡ്മിറാൽറ്റി സ്യൂട്ടും ഫയൽ ചെയ്തിട്ടുണ്ട്.

(2) എയ്ഡഡ് സ്കൂൾ അധ്യാപകരുടെ നിയമനാംഗീകാരം

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഏർപ്പെടുത്തണമെന്ന ഹൈക്കോടതി നിർദേശം നടപ്പാക്കാനും അധ്യാപകരുടെ മൂന്നുവർഷമായി മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം. ദിവസ വേതനാടിസ്ഥാനത്തിലേക്ക് തരംതാഴ്ത്തപ്പെട്ട യോഗ്യരായ അധ്യാപകരുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ്. മാനേജ്മെന്റ് സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിന്മേലുള്ള വിധി സമാനസ്വഭാവമുള്ള മറ്റ് മാനേജ്മെന്റുകൾക്കും ബാധകമാക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ മേഖലകൾക്ക് തുല്യപരിഗണനയാണ് സർക്കാർ നൽകിവരുന്നത്. 2021-25 വരെയുള്ള കാലഘട്ടത്തിൽ 60500 അധ്യാപക-അനധ്യാപക നിയമനങ്ങളും 1503 ഭിന്നശേഷി നിയമനങ്ങളും നടത്തിയിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ്. മാനേജ്മെന്റ് സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിന്മേലുള്ള

വിധിന്യായം അവർക്കുമാത്രം ബാധകമാണെന്നാണ് സർക്കാരിന് ലഭിച്ച നിയമോപദേശം. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി വീണ്ടും നിയമോപദേശം തേടിക്കൊണ്ട് പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

## IV സബ്മിഷൻ

(1) കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കിഫ്ബിയിൽനിന്നും 78.69 കോടി രൂപയുടെ ധനാനുമതി ലഭ്യമാക്കി കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണം ആരംഭിച്ചെങ്കിലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി റീ-ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) സ്വർണ്ണപ്പണയ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വയ്ക്കുന്നവർക്കുള്ള ശിക്ഷ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സ്വർണ്ണപ്പണയ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വയ്ക്കുന്നവരെ ശിക്ഷിക്കുന്നതിനായി 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്റ്റിലെ 18(ബി) വകുപ്പ് ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സ്വർണ്ണപ്പണയ സ്ഥാപനങ്ങളിൽ മുക്കുപണ്ടം പണയം വയ്ക്കുന്നവരുടെ ശിക്ഷ ഉറപ്പാക്കുന്നതിനും അവരുടെ സ്ഥാവര ജംഗമ വസ്തുക്കളടക്കം കണ്ടുകെട്ടി കടം തിരിച്ചുപിടിക്കുന്നതിനുമുള്ള വ്യവസ്ഥകൾ

1958-ലെ കേരള മണി ലെൻഡേഴ്സ് ആക്റ്റിലെ 18(ബി)-യിൽ കൊണ്ടുവരുന്നതടക്കമുള്ള നിർദേശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(3) ഷൊർണ്ണൂരിലെ വ്യവസായ സമുച്ചയ നിർമ്മാണം

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂരിലെ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഷൊർണ്ണൂരിലെ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 2023-ൽ 36.71 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും കിറ്റ്കോയെ കൺസൾട്ടൻസിയായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) എടരിക്കോട് സ്പിന്നിങ് മില്ലിൽനിന്നും വിരമിച്ച ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

ശ്രീ. കെ. പി. എ. മജീദ്: എടരിക്കോട് സ്പിന്നിങ് മില്ലിൽനിന്നും വിരമിച്ച ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകാനും സ്ഥാപനത്തിനെ ലേല നടപടികളിൽനിന്നും ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): എടരിക്കോട് സ്പിന്നിങ് മില്ലിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സാധ്യമായ രൂപത്തിൽ ഇടപെടുകയും സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ഇനത്തിൽ മില്ലിന് 70 ലക്ഷം രൂപ അനുവദിക്കാൻ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തെ ലേല നടപടികളിൽനിന്നും ഒഴിവാക്കാൻ ഭരണ-പ്രതിപക്ഷ ഭേദമന്യേ പരിശ്രമിക്കാവുന്നതാണ്.

(5) വാഹന പുകപരിശോധന കേന്ദ്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ കടകംപള്ളി സുരേന്ദ്രൻ: അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന വാഹന പുകപരിശോധന കേന്ദ്രങ്ങളെ സംരക്ഷിക്കുന്നതിനും പരിശോധന നിരക്ക് പൂർവസ്ഥിതിയിലാക്കുന്നതിനും കാലിബ്രേഷൻ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും ഓട്ടോമൊബൈൽ സെയിൽസ് ആൻഡ് സർവീസ് മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): വാഹനങ്ങളുടെ പുകപരിശോധന നടത്തുമ്പോൾ ലാംബ്ഡ ടെസ്റ്റ് നടത്തണമെന്ന കേന്ദ്ര നിയമത്തിനെതിരെ വാഹന ഉടമകൾ ഹൈക്കോടതിയെ സമീപിച്ചെങ്കിലും കോടതി പ്രസ്തുത നിയമത്തെ ശരിവയ്ക്കുകയാണുണ്ടായത്. ലാംബ്ഡ ടെസ്റ്റ് നടപ്പാക്കിയശേഷം മാത്രം ഫീസ് വർധന വരുത്തിയാൽ മതിയെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. ഓട്ടോമൊബൈൽ സെയിൽസ് ആൻഡ് സർവീസ് മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നത് സംബന്ധിച്ച വിഷയം തൊഴിലും നൈപുണ്യവും വകുപ്പിന്റെ പരിശോധനയിലാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഓട്ടോമൊബൈൽ സെയിൽസ് ആൻഡ് സർവീസ് മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(6) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി

ശ്രീമതി കെ. കെ. രമ: മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം നൽകിവരുന്ന ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന പഞ്ഞമാസങ്ങളിൽ 4500/- രൂപയാണ് നൽകിവരുന്നത്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാതെ സംസ്ഥാന വിഹിതം മാത്രമായി നൽകാൻ സാധിക്കില്ല. പ്രസ്തുത പദ്ധതിക്ക് 18-09-2025-ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായ സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ഒന്നിച്ച് നൽകാനുള്ള നടപടി ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്. പദ്ധതിപ്രകാരം നൽകിവരുന്ന തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(7) പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം

ശ്രീ. വി. ജോയി: പൊതുവിദ്യാലയങ്ങളിലെ ആധാർ അധിഷ്ഠിത തസ്തിക നിർണ്ണയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അധ്യാപകരെയും വിദ്യാർഥികളെയും സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 'സമന്വയ' സോഫ്റ്റ്‌വെയർ മുഖാന്തരം 2025 ജൂലൈ മാസം 15 വരെ ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ അധ്യാപകരുടെ തസ്തിക നിർണ്ണയത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ അധ്യാപകർക്കും വിദ്യാർഥികൾക്കുമുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നത് സംബന്ധിച്ച് ആലോചിച്ചുവരികയാണ്.

(8) വളാഞ്ചേരി-വട്ടപ്പാറ അപ്രോച്ച് റോഡ് നിർമ്മാണം

ഡോ. കെ. ടി. ജലീൽ: മലപ്പുറം ജില്ലയിലെ വളാഞ്ചേരി-വട്ടപ്പാറ സർവീസ് റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: റവന്യൂ വകുപ്പിൽനിന്നും സ്ഥലം ഏറ്റെടുത്ത് വളാഞ്ചേരി-വട്ടപ്പാറ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വളാഞ്ചേരി-വട്ടപ്പാറ സർവീസ് റോഡ് നിർമ്മിക്കുന്നത് നിലവിലുള്ള സോയിൽ നെയിലിങ് സംവിധാനത്തെ തകരാറിലാക്കുമെന്നും മണ്ണൊലിപ്പിന് കാരണമാകുമെന്നുമാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. സമീപത്ത് 110 കെ.വി. ഹൈടെൻഷൻ ട്രാൻസ്ഫോമർ സ്ഥിതിചെയ്യുന്നത് റോഡ് നിർമ്മാണം കൂടുതൽ ദുഷ്കരമാക്കുമെന്നതിനാൽ സർവീസ് റോഡ് സാങ്കേതികമായി സാധ്യമല്ലെന്നാണ് എൻ.എച്ച്.എ.ഐ. വ്യക്തമാക്കിയിട്ടുള്ളത്. പ്രസ്തുത വിഷയം ചർച്ച ചെയ്ത് പരിഹരിക്കാൻ സർക്കാർ സന്നദ്ധമാണ്.

(9) കാക്കനാട്-സിവിൽലൈൻ റോഡ് ഗതാഗത യോഗ്യമാക്കൽ

ശ്രീമതി ഉമ തോമസ്: മെട്രോ റെയിൽ രണ്ടാംഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് കാക്കനാട്-സിവിൽലൈൻ റോഡിൽ ഉണ്ടായിട്ടുള്ള ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കുന്നതിനും കുടിവെള്ള പൈപ്പ്ലൈനുകളുടെ തകരാർ പരിഹരിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കൊച്ചി മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി കൈമാറിയ കാക്കനാട്-സിവിൽലൈൻ റോഡിന്റെയും സീപോർട്ട്-എയർപോർട്ട് റോഡിന്റെയും പരിപാലനം ഉറപ്പാക്കണമെന്ന് കെ.എം.ആർ.എൽ.-ന് കത്ത് നൽകുകയും വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുമെന്ന് അവർ അറിയിക്കുകയും

ചെയ്തിട്ടുണ്ട്. മെട്രോ നിർമ്മാണം കാരണം മറ്റ് പി.ഡബ്ല്യൂ.ഡി. റോഡുകളിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അക്കാര്യവും പരിഹരിക്കുന്നതാണ്.

(10) നിലമ്പൂർ ബൈപ്പാസ്

ശ്രീ. ആര്യാടൻ ഷൗക്കത്ത്: നിലവിൽ ഭൂമി ഏറ്റെടുത്ത സ്ഥലത്ത് നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തീകരിക്കാനും ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): രണ്ട് ഘട്ടങ്ങളായി വിഭാവനം ചെയ്ത നിലമ്പൂർ ബൈപ്പാസിന്റെ നിർമ്മാണം മുഴുവൻ ഭൂമിയും ഏറ്റെടുക്കുന്നതിനുമുമ്പുതന്നെ തുടങ്ങിയതിനാൽ നിർത്തിവയ്ക്കേണ്ടിവന്നു. ഫേസ് I, II എന്നിവയ്ക്കാവശ്യമായ മുഴുവൻ ഭൂമിയും ലഭിച്ചശേഷം മാത്രമേ ടെൻഡർ നടപടികൾ തുടങ്ങാവൂ എന്ന വ്യവസ്ഥയോടെയാണ് പുതിയ ഭരണാനുമതി നൽകിയത്. നിലവിൽ ഫേസ് I-ന് വേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ പൂർത്തിയായതിനാൽ വ്യവസ്ഥയിൽ ഇളവനുവദിച്ച് ഭാഗിക സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനായി നിരത്തുവിഭാഗം നൽകിയിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അനുമതികൂടി ആവശ്യമാണ്. ഫേസ് II-നുള്ള ഭൂമിയേറ്റെടുക്കലിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(11) കുമ്പളയിൽ ടോൾ പ്ലാസ സ്ഥാപിക്കുന്നത് തടയാൻ നടപടി

ശ്രീ. എ. കെ. എം. അഷ്റഫ്: കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ നിലവിലുള്ള ടോൾ പ്ലാസയ്ക്ക് പുറമെ ദേശീയപാത അതോറിറ്റികൂടി ടോൾ പ്ലാസ സ്ഥാപിക്കുന്നത് തടയാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നാഷണൽ ഹൈവേ ആക്ടനുസരിച്ച് രണ്ട് ടോൾ പ്ലാസകൾ 60 കിലോമീറ്ററിനുള്ളിൽ പാടില്ലെന്ന നിയമമുണ്ടെങ്കിലും സവിശേഷ സാഹചര്യങ്ങളിൽ ടോൾ പ്ലാസകൾ നിർമ്മിക്കാൻ അധികാരമുണ്ടെന്നും റോഡ് നിർമ്മാണം പൂർത്തിയായ 39 കിലോമീറ്ററിന് ചെലവായ തുക തിരിച്ചുപിടിക്കാനാണ് താൽക്കാലിക ടോൾ പ്ലാസ സ്ഥാപിക്കുന്നതെന്നും ചെങ്ങള-നീലേശ്വരം സ്ട്രെച്ച് പൂർത്തിയാകുമ്പോൾ അത് പിൻവലിച്ച് നിയമപ്രകാരം ലഭ്യമാകുന്ന സ്ഥലത്ത് സ്ഥിരം ടോൾ പ്ലാസ സ്ഥാപിക്കുമെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പ്രായോഗികമായ പരിഹാരം കണ്ടെത്തുന്നതിന് ബന്ധപ്പെട്ട അധികൃതരുമായി ചർച്ച നടത്തുന്നതാണ്.

(12) നെല്ലിന്റെ സംഭരണ വില

ശ്രീ. സി. സി. മുകുന്ദൻ: കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കേന്ദ്രം നിശ്ചയിക്കുന്ന നെല്ലിന്റെ താങ്ങുവില അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാർ സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് കർഷകർക്ക് നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും യഥാസമയം തുക ലഭ്യമാകുന്നില്ലെങ്കിലും 2024-25 സംഭരണ വർഷത്തിൽ 580000 മെട്രിക് ടൺ നെല്ല് സംഭരിക്കുകയും 1574.57 കോടി രൂപ വിതരണം ചെയ്യുകയും ശേഷിക്കുന്ന തുക വിതരണം ചെയ്തുവരികയുമാണ്. അടുത്ത സംഭരണ വർഷം മുതൽ നെല്ല് സംഭരിക്കുമ്പോൾത്തന്നെ തുക ലഭ്യമാക്കുന്നതിനായി കേരള ബാങ്കുമായി സഹകരിച്ച് പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി III-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(3) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ സംബന്ധിച്ചുള്ള റിപ്പോർട്ടും

(4) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ടും 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ സംബന്ധിച്ച റിപ്പോർട്ടും.

## VI ഗവൺമെന്റ് പ്രമേയം (ചട്ടം 118)

<u>വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടിയിൽനിന്നും പിന്തിരിയണമെന്ന ആവശ്യം</u>

കേരളത്തിൽ തദ്ദേശ-നിയമസഭാ തിരഞ്ഞെടുപ്പുകൾ ആസന്നമായ സാഹചര്യത്തിൽ വോട്ടർ പട്ടിക പ്രത്യേക തീവ്ര പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടിയിൽനിന്നും പിന്തിരിയണമെന്നും തിരഞ്ഞെടുപ്പ് കമ്മിഷൻ സുതാര്യമായി വോട്ടർ പട്ടിക പുതുക്കൽ

നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവശ്രീ യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, ടി. സിദ്ദിഖ്, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, പി. സി. വിഷ്ണുനാഥ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ മുഖ്യമന്ത്രി സ്വീകരിച്ചു:

2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ രണ്ടാമത്തെ വരിയിലെ "തിരഞ്ഞെടുപ്പ് കമ്മീഷന്റെ" എന്നതിന് മുൻപ് "കേന്ദ്ര" എന്ന വാക്ക് കൂട്ടിചേർക്കുക.

8. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ പത്താമത്തെ വരിയിലെ "ന്യൂനപക്ഷ സമുദായങ്ങൾ" എന്നതിനുശേഷം "പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങൾ" എന്നത് ചേർക്കുക.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
(ii) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ബിൽ അവതരിപ്പിക്കുന്നതിലെ നിയമ തടസ്സം

ശ്രീ. പി. സി. വിഷ്ണുനാഥ്: 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലെ 5-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ ആഭ്യന്തര വിജിലൻസും മോണിറ്ററിങ് സംവിധാനവും ഏർപ്പെടുത്തുന്നതിനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുമ്പോൾ യാത്രാബത്ത ഉൾപ്പെടെയുള്ള ഇനങ്ങളിൽ ഉണ്ടാകാനിടയുള്ള അധികചെലവുകളെക്കുറിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായി പരാമർശിച്ചിട്ടില്ല. 447-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിലെ ഭേദഗതി ഭരണഘടനാ വിരുദ്ധവും അവകാശങ്ങൾ കവർന്നെടുക്കുന്നതുമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 243-ന്റെ അന്തഃസത്തയ്ക്കും അധികാര വികേന്ദ്രീകരണ തത്വങ്ങൾക്കും വിരുദ്ധമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സ്വയംഭരണാവകാശത്തെ ഈ ഭേദഗതി ബില്ലിലൂടെ ഇല്ലാതാക്കുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ടാണ് ആഭ്യന്തര വിജിലൻസ് സംവിധാനം ഏർപ്പെടുത്തുന്നത്. പുതിയതായി ആരെയും നിയമിക്കാത്തതുകൊണ്ട് അധിക സാമ്പത്തിക ബാധ്യത വരുന്നില്ല. അതിനാൽ അധികചെലവുകളെക്കുറിച്ച് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടില്ലെന്ന തടസ്സവാദം നിലനിൽക്കുന്നതല്ല. എല്ലാ വികസന ക്ഷേമ പ്രവർത്തനങ്ങളെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്ന വ്യവസ്ഥകൂടി കൊണ്ടുവന്ന്

കേരളം രാജ്യത്തിന് മാതൃകയാകുകയാണ്. അധികാരവികേന്ദ്രീകരണം സംബന്ധിച്ച ഭരണഘടനാപരമായ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

**റൂളിങ്**

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കുന്നതിലെ നിയമ തടസ്സം സംബന്ധിച്ച് വകുപ്പുമന്ത്രി നൽകിയ വിശദീകരണം സ്വീകാര്യമാണെന്ന് കാണുന്നതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. എം. ബി. രാജേഷ്: 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. ഡി. കെ. മുരളി: 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളം അധികാര വികേന്ദ്രീകരണത്തിൽ രാജ്യത്തിനുതന്നെ മാതൃകയാണ്. ഭരണാധികാര കൈമാറ്റം മാത്രമല്ല സാമ്പത്തിക അധികാരങ്ങളും ജനങ്ങളുടെ മുന്നിലെത്തണമെന്നും ഫണ്ടുകൾ താഴെത്തട്ടിലേക്ക് കൈമാറണമെന്നുമുള്ള ആശയം നടപ്പാക്കിയത് ഈ സർക്കാരാണ്. ജനകീയാസൂത്രണത്തിലൂടെ അധികാരം ജനങ്ങളിലേയ്ക്കെത്തിക്കാൻ സാധിച്ചിട്ടുണ്ട്. (ചർച്ച തുടരും......)

## VIII നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

### ട്രഷറി നിയന്ത്രണം

ഡോ. മാത്യു കുഴൽനാടൻ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി "സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. മാത്യു കുഴൽനാടൻ: ട്രഷറിയിൽ മാറാവുന്ന ബില്ലുകളുടെ തുക 10 ലക്ഷം രൂപയാക്കി ചുരുക്കിയിരിക്കുകയാണ്. കടമെടുപ്പ് പരിധി അവസാനിച്ചത് മുൻകൂട്ടികണ്ട് പദ്ധതി ചെലവുകളും മറ്റും കുറച്ചുകൊണ്ട് സമ്പദ്ഘടനയെ മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇറക്കുമതി തീരുവ, H-1B വിസ ഫീസ് എന്നിവ വർധിപ്പിച്ചതും ജി.എസ്.ടി. റിവിഷനും സംസ്ഥാന സമ്പദ്ഘടനയെ ബാധിക്കുമെന്ന ആശങ്കയുണ്ടായിട്ടും അതുസംബന്ധിച്ച് പഠനം നടത്തുകയോ ഫലപ്രദമായ പദ്ധതികളാവിഷ്കരിക്കുകയോ ചെയ്യാത്തത് ധനകാര്യ വകുപ്പിന്റെ പോരായ്മയാണ്. സ്വർണ്ണം, മദ്യം എന്നിവയുടെ വില ഇരട്ടിയായിട്ടും നികുതി വരുമാനത്തിൽ വർധനവുണ്ടായിട്ടില്ല. നെല്ല് സംഭരണത്തിൽ മാത്രം 359 കോടി രൂപയുടെ കുടിശ്ശികയുണ്ട്. റബ്ബറിന്റെ താങ്ങുവില വർധിപ്പിക്കുമെന്ന പ്രഖ്യാപനം നാളിതുവരെ നടപ്പാക്കിയിട്ടില്ല. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങളും വിവിധ ക്ഷേമനിധി ബോർഡുകൾക്ക് നൽകേണ്ട തുകയും കുടിശ്ശികയാണ്. ഹയർ സെക്കൻഡറി ഗസ്റ്റ് അധ്യാപകരുടെ ശമ്പളം നൽകാനും പട്ടികജാതി വിദ്യാർഥികൾക്കും യുവജനോത്സവത്തിലെ വിജയികൾക്കും നൽകിവരുന്ന ഗ്രാന്റ് പുനഃസ്ഥാപിക്കാനും നടപടിയുണ്ടാകണം. പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ പൊതുകടം നാലിരട്ടിയായി വർധിച്ചു. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 50 ശതമാനമായി വെട്ടിക്കുറച്ചതിലൂടെ പദ്ധതി നിർവഹണം തകരാറിലായിരിക്കുകയാണ്. ആരോഗ്യ

മേഖലയിൽ മരുന്നുകളുടെയും ഉപകരണങ്ങളുടെയും വിതരണം സ്തംഭിച്ചിരിക്കുകയാണ്. സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തും നികുതി പിരിവിലെ പരാജയവും കാരണം സംസ്ഥാനം പ്രതിസന്ധി നേരിടുകയാണ്.

ശ്രീ. പി. നന്ദകുമാർ: ആഗോള സമ്പദ്‌വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളുടെ ഭാഗമായാണ് കേരളം ഇന്ന് സാമ്പത്തിക വെല്ലുവിളി നേരിടുന്നത്. നവലിബറൽ നയത്തിന് ബദലായ മാതൃകയാണ് കേരളം സൃഷ്ടിക്കുന്നത്. 2025 നവംബർ 1 മുതൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറും. വരുമാനത്തിന്റെ വലിയൊരുപങ്ക് നികുതി പിരിവിലൂടെ നേടാനും തനത് നികുതി വരുമാനത്തിൽ ഗണ്യമായ വർധനവുണ്ടാക്കാനും മികച്ച നിലയിൽ ക്ഷേമപദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. അർഹമായ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന കേന്ദ്രനയത്തിനെതിരെ മൗനം പാലിക്കുകയും സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുകയും ചെയ്യുന്ന പ്രതിപക്ഷ സമീപനം പ്രതിഷേധാർഹമാണ്.

ശ്രീ. ജി. എസ്. ജയലാൽ: കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതത്തിൽ കുറവ് വരുമ്പോഴും സംസ്ഥാന വിഹിതം നൽകിക്കൊണ്ട് പദ്ധതികളെ മുന്നോട്ടുകൊണ്ടുപോകാനും തനത് നികുതി-നികുതിയേതര വരുമാനത്തിൽ വർധനവുണ്ടാക്കാനും സാമൂഹ്യക്ഷേമ/വികസന ചെലവുകൾക്ക് ഊന്നൽ നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ പൊതുകടം കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലും ചെലവ് ചുരുക്കലിനുവേണ്ടി സർക്കാർ യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം നേടിയെടുക്കാൻ യോജിച്ച പ്രക്ഷോഭത്തിന് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഥമ പരിഗണനയാണ് സർക്കാർ നൽകുന്നത്. കേന്ദ്ര സർക്കാർ സാമ്പത്തികമായി സംസ്ഥാനത്തെ ഞെരുക്കുമ്പോഴും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ വികസന ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മിഷനിലൂടെ കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവ് വരുത്തിയതും ജി.എസ്.ടി. നിരക്ക് പരിഷ്കരണവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചു. സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനത്തിന് ആനുപാതികമായി കടബാധ്യത കുറയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u>: പദ്ധതി ആവിഷ്കരണത്തിലുണ്ടായ കെടുകാര്യസ്ഥത സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന സാമ്പത്തിക ദുഃസ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. അധ്യാപക നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: കേന്ദ്രം പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടും അതിനെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറായിട്ടില്ല. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭൂരഹിതരായവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും നൽകാൻ സാധിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ഉപരോധത്തെ മറികടക്കാനും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. എല്ലാ ക്ഷേമപെൻഷനുകളും യഥാസമയം വിതരണം ചെയ്യാനും പൊതുമേഖലയിലുൾപ്പെടെ നിരവധി തൊഴിലവസരങ്ങൾ

സൃഷ്ടിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര അവഗണനയ്ക്കിടയിലും വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക വിവേചനത്തിനിടയിലും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. ഡിജിറ്റൽ സംവിധാനം വ്യാപകമാക്കി നികുതി പിരിവ് കാര്യക്ഷമമാക്കിയതിലൂടെ വരുമാനം വർധിപ്പിക്കാനും നികുതി ചോർച്ച കുറയ്ക്കാനും സാധിച്ചു. സാമൂഹിക ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനും പൊതുവിതരണ സംവിധാനത്തിൽ സുതാര്യത ഉറപ്പുവരുത്താനും ട്രഷറി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്താനും സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിയിലൂടെ വ്യക്തിഗത ഭവനങ്ങളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. വയനാട് ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള ടൗൺഷിപ്പിന്റെ പ്രവൃത്തി പുരോഗമിക്കുകയാണ്. ഡിജിറ്റൽ സാങ്കേതികവിദ്യ, പരിസ്ഥിതി സൗഹൃദ നിക്ഷേപം, സ്വയംപര്യാപ്ത വ്യവസായങ്ങൾ എന്നിവ സുസജ്ജമാക്കുകയും ആരോഗ്യ-ഭക്ഷ്യ-സാമൂഹ്യ സുരക്ഷയും ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമാറ്റവും ഉറപ്പാക്കി സംസ്ഥാനം വികസന പാതയിലേക്ക് നീങ്ങുകയാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: രൂക്ഷമായ വിലക്കയറ്റം നേരിടുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശിക നൽകാത്തതും ശമ്പള പരിഷ്കരണ കമ്മിഷനെ നിയോഗിക്കാത്തതും ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കാത്തതും വിവിധ ക്ഷേമപെൻഷനും

മറ്റാനുകൂല്യങ്ങളും കുടിശ്ശികയായതും സംസ്ഥാനത്തിന്റെ ധനകാര്യ കെടുകാര്യസ്ഥതയെയാണ് സൂചിപ്പിക്കുന്നത്. എം.എൽ.എ. ഫണ്ട് യഥാസമയം നൽകാൻ കഴിയാത്തതുമൂലം പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച വിവിധ പദ്ധതികൾക്ക് തുക വകയിരുത്താത്തതുമൂലം അവ മുടങ്ങിക്കിടക്കുകയാണ്.

ശ്രീമതി യു. പ്രതിഭ: 2025 നവംബർ 1 മുതൽ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറും. കേന്ദ്ര സർക്കാർ വായ്പാ പരിധിയിൽ വെട്ടിക്കുറവ് വരുത്തിയതാണ് സംസ്ഥാനത്തെ ധനപ്രതിസന്ധിക്ക് പ്രധാന കാരണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 111 ശതമാനമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിക്കും കിഫ്ബിക്കും കൂടുതൽ തുക വകയിരുത്താൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് മുമ്പുതന്നെ നെല്ല് സംഭരണത്തിന് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് നൽകാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ലൈഫ് ഭവന പദ്ധതി, ആർദ്രം മിഷൻ, ഗെയിൽ പൈപ്പ്ലൈൻ, വാട്ടർ മെട്രോ, ദേശീയപാതാ വികസനം, വിഴിഞ്ഞം തുറമുഖം തുടങ്ങിയവ യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും കീഴാറ്റൂർ ബൈപ്പാസിനായി ഏറ്റെടുത്ത ഭൂമിക്ക് 25% തുക നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനം കടുത്ത ധനപ്രതിസന്ധി നേരിടുന്നതുമൂലം വികസന-ക്ഷേമ പ്രവർത്തനങ്ങൾ മുരടിച്ചിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം ഇതുവരെ 26,000 കോടി രൂപ സർക്കാർ കടമെടുത്തിട്ടുണ്ട്. നിരന്തരമായ ട്രഷറി നിയന്ത്രണം പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും പട്ടികജാതി-പട്ടികവർഗ

വിഭാഗങ്ങളുടെ പദ്ധതി വിഹിതം വെട്ടിച്ചുരുക്കിയതുമൂലം വിവിധ ധനസഹായ പദ്ധതികൾ മുടങ്ങിയിരിക്കുകയുമാണ്. ജി.എസ്.ടി. പരിഷ്കരണംമൂലം സംസ്ഥാനത്ത് നികുതി വരുമാനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ചികിത്സ ഉപകരണങ്ങൾ വിതരണം ചെയ്യുന്നവർക്ക് നൽകേണ്ട കുടിശ്ശിക നൽകാത്തതിനാൽ ആശുപത്രികളിൽ ഹൃദയശസ്ത്രക്രിയ അടക്കം മുടങ്ങിയിരിക്കുകയാണ്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, സപ്ലൈകോ, വിവിധ ക്ഷേമനിധി ബോർഡുകൾ എന്നിവയ്ക്കും സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത ഇനത്തിലും കോടിക്കണക്കിന് രൂപ നൽകാനുണ്ട്. പുതിയ സംരംഭങ്ങളെ ടാക്സ് നെറ്റ്‌വർക്കിൽ കൊണ്ടുവന്ന് നികുതി വരുമാനം വർധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും നടപടി സ്വീകരിക്കണം. ബാറുകളുടെ എണ്ണവും സ്വർണ്ണ വിലയും വർധിച്ചതിനാനുപാതികമായി നികുതി വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് ജനങ്ങൾക്ക് അറിയാൻ സാധിക്കുമെന്നതിനാലാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം, ഗ്രാന്റ് എന്നിവ വെട്ടിക്കുറച്ചും കടമെടുപ്പ് പരിധിയിൽ നിയന്ത്രണം ഏർപ്പെടുത്തിയും കിഫ്ബി എടുക്കുന്ന കടം പൊതുകടത്തിൽ ഉൾപ്പെടുത്തിയും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ധനപ്രതിസന്ധിക്കിടയിലും സമസ്തമേഖലകളിലും വികസനോന്മുഖ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം നേടിയെടുക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇടപെടൽ നടത്തണം. സംസ്ഥാനത്തെ നികുതി-നികുതിയേതര

വരുമാനം വർധിപ്പിക്കാനും റവന്യൂ-ധന കമ്മി കുറച്ചുകൊണ്ടുവരാനും കഴിഞ്ഞിട്ടുണ്ട്. ട്രഷറിയിൽനിന്നും പിൻവലിക്കാവുന്ന തുക 10 ലക്ഷം രൂപയായി വർധിപ്പിച്ചുവെന്ന് മാത്രമല്ല കോൺട്രാക്ടർമാർക്ക് ബിൽ ഡിസ്കൗണ്ടിങ്ങിനനുസരിച്ചുള്ള തുക നൽകുന്നുമുണ്ട്. എൽ.എസ്.ജി.ഡി.-യുടെ ജനറൽ പർപ്പസ് ഫണ്ട് 4 ശതമാനമായും മെയിന്റനൻസ് ഗ്രാന്റ് 6.5 ശതമാനമായും വർധിപ്പിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളുടെ പണി എത്രയുംവേഗം പൂർത്തീകരിക്കുന്നതും കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതുമാണ്. മൂന്ന് ലക്ഷംപേർക്ക് 9 വർഷംകൊണ്ട് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്; സ്കൂളുകളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതാണ്. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 5126 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്കുള്ള ഗ്രാന്റിനത്തിൽ കുറവ് വരുത്തുകയില്ല. ജനക്ഷേമകരമായ പദ്ധതി പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഉപക്ഷേപം സഭ നിരാകരിച്ചു.

**നിയമനിർമ്മാണകാര്യം-തുടർച്ച**

ശ്രീ. ഡി. കെ. മുരളി: 2025 നവംബർ 1 മുതൽ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുമെന്നത് അഭിമാനകരമാണ്. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ശുചിത്വകേരളം പദ്ധതി വിജയകരമായി നടപ്പാക്കാനും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തെ മാറ്റാനും കഴിഞ്ഞിട്ടുണ്ട്. വിവിധ പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗ്രാമപഞ്ചായത്തുകളെ ശക്തീകരിക്കുന്നതിനായി കൂടുതൽ അധികാരം നൽകുന്നതിനുള്ള ഭേദഗതിയാണ് ഈ ബില്ലിലുള്ളത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ആര്യാടൻ ഷൗക്കത്ത്: 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ ഫണ്ട് ലഭ്യമാക്കാനുതകുന്ന നിർദേശങ്ങളൊന്നുംതന്നെ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി നഷ്ടപ്പെട്ട എന്റർടെയ്ൻമെന്റ്, അഡ്വർട്ടൈസ്മെന്റ് ടാക്സുകൾ ഫീസ് എന്ന ഹെഡ്ഡിലേക്ക് മാറ്റാനും ലൈഫ് ഭവന പദ്ധതിക്കാവശ്യമായ ഫണ്ട് പൂർണ്ണമായും അനുവദിക്കാനും നടപടി സ്വീകരിക്കണം. പെർഫോമൻസ് ഓഡിറ്റ് നിർത്തലാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. അത്യാവശ്യ ഘട്ടങ്ങളിൽ പണം അനുവദിക്കാൻ മുനിസിപ്പൽ ചെയർപേഴ്സണ് നൽകിയിട്ടുള്ള അധികാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുകൂടി നൽകണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാന ലക്ഷ്യങ്ങളായ ദാരിദ്ര്യനിർമ്മാർജ്ജനം, സ്ത്രീ ശക്തീകരണം എന്നിവ കൈവരിക്കാനായതും കുടുംബശ്രീയെ ലോകത്തിനുതന്നെ മാതൃകയാകുന്ന നിലയിൽ ഉയർത്തിക്കൊണ്ടുവരാനായതും അഭിമാനകരമാണ്. തിരുവനന്തപുരം നഗരസഭ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ദേശീയ-സാർവദേശീയ തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. സീറോ കാർബർ എമിഷൻ പദ്ധതിയുടെ ഭാഗമായി 115 വൈദ്യുത ബസ്സുകളുടെ സർവീസ് ആരംഭിക്കുന്നതിനും 17000 കിലോവാട്ട് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബജറ്റ് അലോക്കേഷൻ വെട്ടിക്കുറച്ചതിലൂടെ പഞ്ചായത്ത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ,

ലൈഫ് ഭവന പദ്ധതി എന്നിവ താളംതെറ്റിയിരിക്കുകയാണ്. തെരുവുനായ ശല്യം സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ വകുപ്പിൽ തസ്തികകൾ സൃഷ്ടിക്കാത്തതും ഒഴിവുകൾ നികത്താത്തതും അപലപനീയമാണ്. നികുതി, ഫീസ് ഇനങ്ങളിലുള്ള വർധന പിൻവലിക്കണം. പഞ്ചായത്ത് അംഗങ്ങൾക്ക് പുതുക്കിയ ഓണറേറിയം നൽകാനും മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ നൽകാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനാണ് പഞ്ചായത്ത് രാജ്, മുനിസിപ്പൽ ആക്ടുകളിൽ ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്. അധികാരവികേന്ദ്രീകരണത്തിലും ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണ പ്രക്രിയയിലും കേരളം ലോകത്തിനുതന്നെ മാതൃകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സോഷ്യൽ ഓഡിറ്റിങ് സംവിധാനം ഏർപ്പെടുത്തുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറിമാരെ നിയമിക്കുന്ന നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്. എ.ബി.സി. ചട്ടങ്ങളിൽ ആവശ്യമായ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസും ലൈസൻസ് ഫീസും കുറയ്ക്കുന്നതിനും സെസ്സ് പിരിവ് കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) <u>സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും</u>

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): 2023-ലെ കേരള പൊതുരേഖ ബിൽ അവതരിപ്പിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ചരിത്രപരവും ഭരണപരവുമായി പ്രാധാന്യമുള്ള രേഖകൾ സംരക്ഷിക്കുന്നതിന് പൊതുവായ നിയമം സംസ്ഥാനത്ത് രൂപപ്പെടുത്തിയിട്ടില്ലെന്ന ന്യൂനതയ്ക്ക് പരിഹാരം കാണാനാണ് 2023-ലെ കേരള പൊതുരേഖ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പുരാരേഖ വകുപ്പിൽ ഒട്ടേറെ പരിഷ്കാരങ്ങൾ നടപ്പാക്കിവരികയാണ്. അമൂല്യ രേഖകളുടെ ഡിജിറ്റൈസേഷൻ, പുരാരേഖ മ്യൂസിയങ്ങൾ സ്ഥാപിക്കൽ, പുരാരേഖകളെ ചരിത്ര ഗവേഷണ പഠനങ്ങൾക്ക്

വിധേയമാക്കൽ, ജില്ലകളിൽ ഹെറിറ്റേജ് സെന്ററുകൾ സ്ഥാപിക്കൽ, ചരിത്ര ക്വിസ്, പ്രദർശനങ്ങൾ, പൈതൃകോത്സവങ്ങൾ തുടങ്ങിയവ വകുപ്പ് നടത്തിവരുന്നുണ്ട്. കേന്ദ്ര നിയമത്തിൽ സംസ്ഥാന സർക്കാരിന്റെയും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും പൊതുരേഖകളുടെ സംരക്ഷണവും പരിപാലനവും നടത്തിപ്പും സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് പുതിയ നിയമം നടപ്പാക്കേണ്ടിവന്നത്. ഈ നിയമം പാസാക്കിയ സംസ്ഥാനങ്ങൾ നേരിട്ട് സന്ദർശിച്ചും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞതിനും ശേഷമാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ട് സഹിതം വീണ്ടും ബിൽ സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. പൊതുരേഖകളുടെ ശേഖരണം, തരംതിരിക്കൽ, സംരക്ഷണം, ഭരണ നിർവഹണം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 25 വർഷം കഴിയുമ്പോൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് കീഴിലുള്ള പുരാരേഖകൾ വകുപ്പിന് കൈമാറണമെന്ന് നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2023-ലെ കേരള പൊതുരേഖ ബിൽ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബില്ലിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നുവെങ്കിലും അനിവാര്യമായ ചില കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. റിക്കാർഡ്സ് ഓഫീസർക്ക് പൊതുരേഖകൾ വീണ്ടെടുക്കുന്നതിനോ പൂർവസ്ഥിതിയിലാക്കുന്നതിനോ ഉള്ള ആവശ്യത്തിനായി ഏതൊരു സർക്കാർ ഉദ്യോസ്ഥന്റെയോ മറ്റേതെങ്കിലും ആളുടെയോ സഹായം ആവശ്യപ്പെടാമെന്ന വ്യവസ്ഥ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തിന് വഴിയൊരുക്കും. സുരക്ഷാ വിഭാഗത്തിൽപ്പെടുന്ന പൊതുരേഖകൾ സംസ്ഥാന പുരാരേഖാ വകുപ്പിന്

കൈമാറേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവ ഏതൊക്കെയാണെന്ന് നിർവചിച്ചിട്ടില്ല. സ്വകാര്യ സ്രോതസ്സിൽനിന്നും പുരാരേഖകൾ ഏറ്റെടുക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളും വിലനിർണ്ണയ മാർഗനിർദേശങ്ങളും ബില്ലിൽ ഉൾപ്പെടുത്തണം. പുരാരേഖകൾ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങുന്നതിനായി ബോർഡ് നാമനിർദേശം ചെയ്യുന്ന രണ്ട് അംഗങ്ങളുടെ യോഗ്യത സംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പുരാരേഖകൾ കണ്ടെത്താനും സംരക്ഷിക്കാനും വകുപ്പിന് കഴിയുന്നുണ്ടോയെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. മദ്രാസ് ആർക്കൈവ്സിൽനിന്ന് മലബാറുമായി ബന്ധപ്പെട്ട രേഖകൾ കേരളത്തിന് കൈമാറിയിട്ടുണ്ടോയെന്നുള്ളതിൽ വ്യക്തത വരുത്തണം. കേരളത്തിന് ഒരു ന്യൂസ് പേപ്പർ ആർക്കൈവ്സോ പുരാരേഖകളുടെ വിശദമായ കാറ്റലോഗോ ഇല്ല എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. താളിയോല ചുരണ സംരക്ഷണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. സെൻട്രൽ ആർക്കൈവ്സിലുള്ള തിരുവിതാംകൂർ ഹൈക്കോടതി രേഖകളും വിധിന്യായങ്ങളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. സെക്രട്ടേറിയറ്റിലെ സെല്ലാർ റിക്കാർഡ്സിലുള്ള നിഷ്ക്രിയ ഫയലുകൾ ആർക്കൈവ്സ് വകുപ്പിലേയ്ക്ക് കൈമാറണം. മഞ്ചേശ്വരം മണ്ഡലത്തിലെ ബ്യാരി ഭാഷയുടെ ഉത്ഭവത്തെക്കുറിച്ച് പഠനം നടത്തണം. സംസ്ഥാനത്തെ ആർക്കൈവ്സ് ഹെറിറ്റേജ് സെന്ററുകൾ നോക്കുകുത്തികളായിരിക്കുകയാണ്. ഔദ്യോഗിക ആവശ്യത്തിനായി പുരാരേഖകൾ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതിനോ അയച്ചുകൊടുക്കുന്നതിനോ മുൻകൂട്ടി അനുമതി ആവശ്യമില്ലെന്ന വ്യവസ്ഥ സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണ്.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ നൂറ്റാണ്ടുകൾ പഴക്കമുള്ള ആരാധനാലയങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, രജിസ്ട്രാർ ഓഫീസുകളിലെ

പഴക്കമുള്ള രേഖകൾ എന്നിവ സംരക്ഷിക്കപ്പെടണം. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകളെ പൊതുരേഖയായി കാണുന്നതിനും പൊതുരേഖകൾ ഡിജിറ്റൈസ് ചെയ്ത് സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നത് തടയുന്നതിനും റിക്കാർഡ്സ് ഓഫീസർമാർക്ക് റിക്കാർഡ്സ് മാനേജ്മെന്റിൽ പരിശീലനം നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തണം. സുരക്ഷാ വിഭാഗത്തിൽ ഉൾപ്പെടുന്ന പൊതുരേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തണം. രേഖകൾ സ്വീകരിക്കാവുന്ന സ്വകാര്യ സ്രോതസ്സുകളെക്കുറിച്ചും അപ്രകാരം സ്വീകരിക്കുന്ന രേഖകളുടെ വിലനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ ബില്ലിൽ പരാമർശിച്ചിട്ടില്ല. രേഖകളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡത്തിൽ ഭേദഗതി വരുത്തണം. പൊതുരേഖകൾ പ്രാമാണിക ഗവേഷകർക്ക് ലഭ്യമാക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലപരിധിയിൽ ഇളവുവരുത്തണം. ആർക്കൈവൽ അഡ്വൈസറി ബോർഡിൽ നാട്ടറിവുകളിൽ പരിണതപ്രജ്ഞനായ വ്യക്തിയെ അംഗമാക്കുന്നതോടൊപ്പം ബോർഡിന്റെ ചുമതലകളിൽ പുരാരേഖകളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തണം.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ പഴമയും സംസ്കൃതിയും അറിവുകളും പുറംലോകത്തിനും വരുംതലമുറയ്ക്കും കൈമാറിക്കൊടുക്കുക എന്നതാണ് പുരാരേഖ സംരക്ഷണംകൊണ്ട് ഉദ്ദേശിക്കുന്നത്. നടപ്പുസാമ്പത്തിക വർഷം പുരാവസ്തു സംരക്ഷണവുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനായി 12.75 കോടി രൂപ നീക്കിവച്ചത് ശ്രദ്ധേയമാണ്. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖകൾ

ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി നടപ്പാക്കിയത് അഭിമാനകരമാണ്. 1949 മുതൽ 2016 വരെയുള്ള ക്യാബിനറ്റ് രേഖകളടക്കം ഡിജിറ്റൈസ് ചെയ്ത നടപടി ശ്ലാഘനീയമാണ്.

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു ജനതയുടെ കാലികമായ അറിവുകളെ ശാസ്ത്രീയമായ രീതിയിൽ അടയാളപ്പെടുത്താനും വരുംതലമുറയ്ക്ക് പകർന്നുകൊടുക്കാനും ഈ ബില്ലിന് കഴിയുമെന്നതിൽ സംശയമില്ല. പൊതുരേഖകൾ സംരക്ഷിക്കുന്നതിനും സ്വകാര്യ സ്രോതസ്സിൽനിന്നും പൊതുരേഖകൾ ഏറ്റെടുക്കുന്നതിനുമായി പൊതുരേഖ മാനേജ്മെന്റ് സംവിധാനം രൂപീകരിക്കുമെന്ന ബില്ലിലെ വ്യവസ്ഥ സ്വാഗതാർഹമാണ്. അനുവാദമില്ലാതെ പൊതുരേഖകൾ സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുകയോ നശിപ്പിക്കുകയോ ചെയ്യുന്നവർക്കെതിരെ ശിക്ഷാനടപടികൾ വ്യവസ്ഥ ചെയ്യുന്നതിനും പൊതുരേഖകളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ച് വ്യക്തമായ നടപടിക്രമങ്ങൾ രൂപീകരിക്കുന്നതിനുമാണ് ബിൽ കൊണ്ടുദ്ദേശിക്കുന്നത്. ബില്ലിന്റെ ഭാഗമായി ഇലക്ട്രോണിക് രേഖകളും പൊതുരേഖയായി മാറും. പുരാരേഖകളുടെ പരിപാലനം, സംരക്ഷണം, വിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകാൻ ബോർഡ് രൂപീകരിക്കുമെന്നും ജില്ലാതലത്തിൽ പുരാരേഖ സംരക്ഷണം ഊർജിതമാക്കുന്ന നടപടികളുടെ ഭാഗമായി ഹെറിറ്റേജ് ഫോറത്തിന്റെ ഏകോപനത്തിനായി കോ-ഓർഡിനേറ്ററെ നിയമിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുരാരേഖകളെ സംരക്ഷിക്കുകയും നിലനിർത്തുകയും

ചെയ്യുന്നതിനുവേണ്ടി നിലകൊള്ളുന്ന ഈ ബിൽ രാജ്യത്തിന്റെ ചരിത്രപരമായ അറിവും വിജ്ഞാന വിവര സംരക്ഷണ ഉപാധിയുമായി മാറുമെന്നതിൽ സംശയമില്ല.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2023-ലെ കേരള പൊതുരേഖ ബില്ലിന്മേൽ ഉന്നയിച്ച വിഷയങ്ങൾ പുരാവസ്തു, പുരാരേഖ, മ്യൂസിയം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതാണ്. ശാശ്വതമൂല്യമുള്ള അസ്സൽ രേഖകൾ ഔദ്യോഗിക ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന് പുറത്തേക്ക് കൊണ്ടുപോകുന്നതിന് തടസ്സമില്ല. സ്വകാര്യ വ്യക്തികളിൽനിന്നും പഴയ നാണയ ശേഖരണങ്ങൾ ഉൾപ്പെടെയുള്ള പുരാരേഖകൾ ഏറ്റെടുക്കാൻ വകുപ്പ് തയ്യാറാണെങ്കിലും അവ കൈമാറുന്നതിൽ വ്യക്തികൾ വിമുഖത കാണിക്കുന്നുണ്ടെന്നതാണ് വസ്തുത. ഭാരതീയ നാഗരിക് സുരക്ഷാ സംഹിത സംബന്ധിച്ച ആശങ്ക ബില്ലിലെ 9-ാം ഖണ്ഡത്തിൽ ഭേദഗതി വരുത്തുന്നതിലൂടെ പരിഹരിക്കാൻ സാധിക്കും. പൈതൃക ശേഷിപ്പുകളും സ്മാരകങ്ങളും അതത് പ്രാദേശിക ഭരണകൂടങ്ങളുടെ അനുമതിയോടെ കൈമാറിക്കഴിഞ്ഞാൽ ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിലവിലെ ദേശീയ സാഹചര്യത്തിൽ ചരിത്രങ്ങളും ചരിത്രസൂക്ഷിപ്പുകളും പരിപാലിക്കാനുള്ള ദൗത്യമേറ്റെടുക്കാൻ എല്ലാവരും തയ്യാറാകണം. ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി ചരിത്രപരമായ വസ്തുതകളെ പരിരക്ഷിക്കാനും സൂക്ഷിക്കുവാനും കഴിയുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള പൊതുരേഖ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

244, 257, 270, 281, 286, 289, 290, 295, 296, 297, 307, 318, 319, 326, 332, 341, 344, 345, 352, 362, 365, 369, 370, 376, 378, 379, 381, 382, 383, 389, 390, 393, 411, 418 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

248. ഖണ്ഡം 2(ബി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

364. ഖണ്ഡം 2(എം)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ ആക്റ്റിലെ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

270. ഖണ്ഡം 2(ഡി)-യിൽ "എന്നാൽ" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

421, 422, 423, 427, 429, 430, 432, 436, 438, 455, 457, 461, 462, 463, 464, 465, 477, 482, 493, 496, 501, 508, 509, 510, 511, 526, 529, 530, 531 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

466. ഖണ്ഡം 3(2)(ജി)-ൽ "ഓഫീസുകളിലേയും" എന്നതിന് പകരം "ഓഫീസുകളിലെയും" എന്ന് ചേർക്കുക.

476. ഖണ്ഡം 3(2)(എച്ച്)-ൽ "പുരാരേഖകൾ" എന്നതിന് പകരം "പൊതുരേഖകൾ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

501. 3(2)(എൻ)-ൽ "അടിയന്തിരാവസ്ഥകളിൽ" എന്നതിന് പകരം "അടിയന്തരാവസ്ഥകളിൽ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

510. ഖണ്ഡം 3(2) (പി)-ൽ "ഭാഗങ്ങളുടെ പകർപ്പുകളോ" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

536, 537, 542, 543, 544, 547, 549, 550, 557 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

543. ഖണ്ഡം 4-ൽ "അസ്സൽ:" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു:

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

563, 569, 572, 573, 574, 578 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

580, 583, 586, 590, 596, 600, 601, 602, 606, 608, 617, 618, 619, 620, 621, 622 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

580. ഖണ്ഡം 6-ൽ "താഴെ പറയുന്ന" എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു:

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

624, 626, 627, 628, 633, 644, 645, 650, 651 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

652, 655, 656 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

657. (i) "ഖണ്ഡം 9(2)-ൽ 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ (2023-ലെ 46-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും" എന്നത് ഒഴിവാക്കുക.

(ii) ഖണ്ഡം 9(2)(i)-ൽ "രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്" എന്നതിനുപകരം "അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

(iii) ഖണ്ഡം 9(2)(ii)-ൽ "രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്" എന്നതിനുപകരം "അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

(iv) ഖണ്ഡം 9(2)(iii)-ൽ "രണ്ടും കൂടിയോ സാമൂഹ്യ സേവനമോ ശിക്ഷ ലഭിക്കുന്നതാണ്" എന്നതിനുപകരം "അല്ലെങ്കിൽ രണ്ടും കൂടിയോ, സാമൂഹ്യ സേവനമോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

658, 659, 660, 661, 665, 670, 675, 676, 677, 678, 680 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

685, 686 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

692, 693, 694, 696, 697, 698, 699, 704 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

705, 706, 707, 716, 719 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

720, 721, 722, 723, 724, 725, 731, 741 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

745, 750, 751, 754, 756, 757, 758, 762, 764, 770, 774 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

742. ഖണ്ഡം 14(1)-ൽ "രൂപീകരിച്ചുള്ള" എന്നതിന് പകരം "രൂപീകരിച്ചുകൊണ്ടുള്ള" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

778, 782, 784 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

793, 794, 798, 803, 807, 808, 816, 820, 821, 825, 827 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

822. ഖണ്ഡം 16(സി)-ൽ "ശേഖരത്തിലുള്ള" എന്നതിന് പകരം "സ്രോതസ്സിൽ നിന്നുള്ള" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

831, 833, 835, 844 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

837. ഖണ്ഡം 17(1)-ൽ "താഴെപ്പറയുന്ന" എന്നതിന് മുമ്പിൽ "ബോർഡ്," എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

833. ഖണ്ഡം 17(1)-ൽ "സ്വകാര്യശേഖരത്തിൽ" എന്നതിന് പകരം "സ്വകാര്യസ്രോതസ്സിൽ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

868, 869 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

879-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

885-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

889, 894, 895 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതികളില്ല)

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

111, 113, 123, 125, 130, 131, 132, 135, 138, 148, 149, 150, 151, 159, 167, 170, 175, 181, 182, 184, 190, 191, 194, 203, 204, 208, 209, 214, 215, 234 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

164. ദീർഘശീർഷകത്തിൽ "ആനുഷംഗികമായതോആയ" എന്നതിന് പകരം "ആനുഷംഗികമായതോ ആയ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

138. ദീർഘശീർഷകത്തിൽ "നിന്നുള്ളരേഖകൾ" എന്നതിന് പകരം "നിന്നുള്ള രേഖകൾ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): 2023-ലെ കേരള പൊതുരേഖ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2023-ലെ കേരള പൊതുരേഖ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസാക്കി.

(സഭ വൈകുന്നേരം 5.51-ന് പിരിഞ്ഞു.)

-------